"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - തിരുവനന്തപുരം തമ്പാനൂർ ഭാഗത്തെ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ മാതാവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി ആർ എഫ് - എ) വകുപ്പ്**

സ.ഉ.(കൈ) നം.132/2024/RD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 15/07/2024, 17/07/2024 തീയതികളിലെ എച്ച് 5- 3093/2021 നമ്പർ കത്തുകൾ

2. 17/07/2024-ലെ മന്ത്രിസഭാ യോഗ തീരുമാനം.

**ഉത്തരവ്**

തിരുവനന്തപുരം തമ്പാനൂർ ഭാഗത്തെ റെയിൽവേയുടെ അധീനതയിലുള്ളതും ആമയിഴഞ്ചാൻ തോടിന്റെ ഭാഗമായതുമായ ടണലിന്റെ പരിസരത്ത് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് റെയിൽവെ അധികൃതർ ഏർപ്പെടുത്തിയിരുന്ന കരാറുകാരന്റെ തൊഴിലാളികളിലൊരാളായ നെയ്യാറ്റിൻകര, പെരുങ്കടവിള വില്ലേജിൽ ക്രിസ്റ്റഫർ ജോയി എന്നയാളെ 13.07.2024- ന് രാവിലെ ഒഴുക്കിൽപ്പെട്ട് കാണാതായിരുന്നുവെന്നും രക്ഷാപ്രവർത്തനം നടന്നുവരവേ 15.07.2024-ന് ടിയാന്റെ മൃതദേഹം കണ്ടെത്തുകയുണ്ടായിയെന്നും മരിച്ച ക്രിസ്റ്റഫർ ജോയി അവിവാഹിതനും കൂലിപ്പണിക്കാരനുമായിരുന്നുവെന്നും സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന കുടുംബമായതിനാൽ പരേതന്റെ മാതാവിന് പരമാവധി ധനസഹായം അനുവദിക്കണമെന്ന ശുപാർശ സഹിതം പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശം (2) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം തമ്പാനൂർ ഭാഗത്തെ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ മാതാവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്ത് ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

മേല്പറഞ്ഞ ഇനത്തിൽ വിതരണത്തിനാവശ്യമായ 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്. മരണപ്പെട്ട ജോയിയുടെ മാതാവിന്, അടിയന്തിര ധനസഹായമായി തുക വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് കിഴിച്ചുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടി

തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ദുരന്ത നിവാരണ (എ) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
V D Omana
സെക്ഷൻ ഓഫീസർ
Date: 18-07-2024 15:41:05